**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2449** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും മണൽ, പാറ എന്നിവയുടെ ക്ഷാമവും സിമന്റിന്റെ കുത്തനെയുള്ള വില വർദ്ധനവും കെട്ടിട നിർമ്മാണ രംഗത്ത് സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | മണൽ, പാറ എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ പുതുതായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | അന്യസംസ്ഥാനങ്ങൾ/ വിദേശ രാജ്യങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗ്ഗ രേഖകൾ 20.02.2018 ലെ 57/എ3/2015/ഐ.ഡി നമ്പർ സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കരിങ്കൽ ക്ഷാമം പരിഹരിക്കുന്നതിനായി മറ്റു സംസ്ഥാനങ്ങളിൽ നിന്നും കരിങ്കല്ല് ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗ്ഗ രേഖകൾ 06.03.2018 ലെ 57/എ3/2018/ഐ.ഡി നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | തെരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ ശേഖരിച്ച് വിപണനം നടത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (സി) | ഡാമുകൾ, റിസർവോയറുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞ്കൂടിയിട്ടുള്ള മണ്ണ് നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി ഉയർത്തുന്ന തിലേക്കായി പദ്ധതി തയ്യാറാക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ മംഗലം, ചുള്ളിയാർ ഡാമുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതിൻ പ്രകാരം മംഗലം ഡാമിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി ടേൺ കീ വ്യവസ്ഥയിൽ നടപ്പാക്കുന്നതിന് 08/11/2019 ലെ സർക്കാർ ഉത്തരവ് (MS)No.49/2019/WRD പ്രകാരം അനുമതി നൽകുകയും M/s Dharthi Dredging & Infrastructure Limited എന്ന കമ്പനിക്ക് കരാർ വച്ച് നൽകിയിട്ടുള്ളതുമാകുന്നു. ഇതിൻപ്രകാരം മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ചെലവ് കഴിച്ച് മണ്ണിന്റെയും മണലിന്റെയും വിലയിനത്തിൽ ജി.എസ്സ്.റ്റി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ 17.70 കോടി രൂപ സർക്കാരിലേയ്ക്ക് കമ്പനി അടയ്ക്കേണ്ടതാണ്. ഈ പ്രവൃത്തി പുരോഗമിച്ചു വരുന്നു. ചുള്ളിയാർ, മീൻകര, വാളയാർ ഡാമുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിന് വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ഡി) | അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ/കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്, അന്യസംസ്ഥാനങ്ങൾ/ രാജ്യങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗ്ഗ രേഖകൾ 20.02.2018 ലെ 57/എ3/2015/ഐ.ഡി നമ്പർ സർക്കുലർ പ്രകാരവും കരിങ്കല്ല്/ കരിങ്കല്ല് ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള മാർഗ്ഗ രേഖകൾ 06.03.2018 ലെ 57/എ3/2018/ഐ.ഡി നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ